"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഫാസിൽ ഷായ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2741/2022/LSGD തീയതി,തിരുവനന്തപുരം, 08-11-2022

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03.02.2020-ലെ ഇ15(എസ് സി 24/2019/എം.പി.എം)6462/2019 നമ്പർ കത്തും ഉള്ളടക്കങ്ങളും.
2. സർക്കാരിന്റെ 26.04.2012-ലെ EPB3/261/2021/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ. ഫാസിൽ ഷാ സമർപ്പിച്ച 21.05.2022-ലെ പ്രതിവാദ പത്രിക.
4. പഞ്ചായത്ത് ഡയറക്ടറുടെ 20.05.2022-ലെ PAN/6480/2022-D4(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കൊമേഴ്സ്യൽ കെട്ടിടത്തിന് അനുമതി നൽകുകയും ആയതിന് കൈക്കൂലി വാങ്ങുകയും ചെയ്തു എന്നുള്ള ശ്രീ റിയാസ് ടി. ടി യുടെ പരാതിയിന്മേൽ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത് ഓഫീസ്, മഞ്ചേരി, നിലമ്പൂർ റോഡിൽ ചെറുമണ്ണ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വാണിജ്യ കെട്ടിടം എന്നിവിടങ്ങളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഒരു മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

മിന്നൽ പരിശോധനയിൽ കണ്ടെത്തിയ കുറ്റങ്ങൾ മുൻ നിർത്തി എടവണ്ണ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഫാസിൽ ഷാക്കെതിരെ പരാമർശം (2) പ്രകാരം ലഘു ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണങ്ങും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 അനുശാസിക്കും പ്രകാരമുള്ള സർക്കാരിന്റെ കുറ്റാരോപണ മെമ്മോയിൽ പ്രതിപാദിക്കുന്ന വിഷയമുൾപ്പെടെയുള്ള വിഷയങ്ങളിൽ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ശ്രീ. ഫാസിൽ ഷാ എന്നവർക്കെതിരായി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഫാസിൽ ഷാ എന്നവർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടിയിൽ

ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞ് ശിക്ഷ നൽകി തീർപ്പാക്കിയിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി ആരംഭിച്ച തീർപ്പാക്കിയിട്ടുള്ള അതേ വിഷയത്തിൽ തന്നെയാണ് സർക്കാരിൽ നിന്നും കുറ്റപത്രം നൽകിയതായി കാണുന്നതിനാൽ ഒരേ വിഷയത്തിൽ രണ്ടു തവണ ശിക്ഷ നൽകുന്നത് ഉചിതമല്ല എന്നു കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ എടവണ്ണ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഫാസിൽ ഷായ്ക്കെതിരായി പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട ടിയാനെതിരായി തുടങ്ങിയ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ഫാസിൽ ഷാ, മുൻ സെക്രട്ടറി, എടവണ്ണ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. വിജിലൻസ് (ഡി) വകുപ്പ് (03/11/2021 ലെ VIG-D4/207/2021/VIG നമ്പർ നോട്ട് പ്രകാരം).
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/261/2021/തസ്വഭവ).

ഉത്തരവിൻ പ്രകാരം
**Signed by Noushad M**
**Date: 09-11-2022 10:58:14**
സെക്ഷൻ ഓഫീസർ